എസ്.എ.എഫ്. പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കാതെയാണ് പ്രസ്തുത ബാങ്ക് പുതിയ വായ്പകളും അഡ്വാൻസുകളും അനുവദിച്ചത്, അവ (എ) അനുവദനീയമായ സിംഗിൾ, ഗ്രൂപ്പ് വായ്പക്കാരുടെ എക്സ്പോഷർ പരിധികൾക്കപ്പുറമായിരുന്നു; (ബി) സ്ഥിര നിക്ഷേപങ്ങൾ /എൻ.എസ്.സികൾ/കെ.വി.പികൾ/ഇൻഷുറൻസ് പോളിസികൾ എന്നിവയുടെ ഈടിന്റെ പിന്തുണയില്ലാത്തവയായിരുന്നു.

ഈ നടപടി, നിയമം വ്യവസ്ഥാപനം ചെയ്യുന്ന ഉത്തരവുകൾ പാലിക്കുന്നതിലെ പോരായ്മകളെ അടിസ്ഥാനമാക്കിയുള്ളതാണ് എന്നു മാത്രമല്ല, ഇത് പ്രസ്തുത ബാങ്ക് അവരുടെ ഉപഭോക്താക്കളുമായി നടത്തിയിട്ടുള്ള ഏതെങ്കിലും ഇടപാടിന്റെയോ കരാറിന്റെയോ സാധുതയെക്കുറിച്ചുള്ള വിധി പറയുവാൻ ഉദ്ദേശിച്ചുള്ളതുമല്ല. കൂടാതെ, ഈ പണപ്പിഴ ചുമത്തൽ പ്രസ്തുത ബാങ്കിനെതിരെ ആർ.ബി.ഐ മേലിൽ ആരംഭിച്ചേക്കാവുന്ന മറ്റെന്തെങ്കിലും നടപടികളിന്മേൽ യാതൊരുവിധ മുൻവിധിയും ഉളവാക്കുന്നതല്ല.

**(പുനീത് പഞ്ചോളി)**

ചീഫ് ജനറൽ മാനേജർ

**പത്രക്കുറിപ്പ് :2024-2025/2425**